# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1802** **01.11.2019 -ലെ മറുപടിയ്ക്ക്**

## എം.ജി. സർവ്വകലാശാല അദാലത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. പാറക്കൽ അബ്ദുല്ല | ഡോ.കെ.ടി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | എം.ജി. സർവ്വകലാശാല നടത്തിയ അദാലത്തിൽ കോതമംഗലത്തെ സ്വാശ്രയ കോളേജിലെ ബി.ടെക് വിദ്യാർത്ഥിക്ക് മാർക്ക് കൂട്ടിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത അദാലത്തിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ പങ്കെടുത്ത് മാർക്ക് കൂട്ടിക്കൊടുക്കാനുള്ള നിർദ്ദേശം നൽകിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപെട്ട ആരും തന്നെ മാർക്ക് കൂട്ടി കൊടുക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടില്ല. അദാലത്തിൽ 2 സെഷനുകളാണ് നിശ്ചയിച്ചിരുന്നത്. 22.02.2019-ൽ സർവ്വകലാശാലയിൽ നടന്ന അദാലത്തിന്റെ ഉദ്ഘാടന സെഷനിൽ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തിരുന്നു. എന്നാൽ അദാലത്തിന്റെ ബിസിനസ് സെഷനുകളിൽ ഒന്നിലും വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തിരുന്നില്ല. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് കുട്ടികൾക്കും മാർക്ക് കൂട്ടിക്കൊടുക്കാൻ സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | അദാലത്തിലൂടെ മാർക്ക് കൂട്ടിക്കൊടുത്ത നടപടി പുന:പരിശോധനയ്ക്ക് വിധേയമാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 24.10.2019-ൽ ചേർന്ന അടിയന്തിര സിൻഡിക്കേറ്റ് യോഗം 30.04.2019-ലെ തീരുമാനം പിൻവലിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.